

# ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കൽപ്പറ്റ

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025–26

**ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ**
**കൽപ്പറ്റ**

# ഉള്ളടക്കം

1. ആമുഖം

2. അടിസ്ഥാന വിവരങ്ങൾ

3. ലക്ഷ്യങ്ങൾ

4. വിദ്യാലയത്തിന്റെ ലഘുചരിത്രം

6. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

8. പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

9. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

10. പദ്ധതി വിശദാംശങ്ങൾ –

മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം

# ആമുഖം

പ്രീ-പ്രൈമറി മുതൽ ഹയർസക്കണ്ടറി വരെ വിവിധ ക്ലാസുകളിലായി 1700 പഠിതാക്കളുണ്ട്. എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടാൻ സാധിച്ചിട്ടുണ്ട്.എൽ.എസ്.എസ്, യു.എസ്. എസ്, എൻ എം എം എസ് പരീക്ഷയിലും സമാന സർക്കാർ വിദ്യാലയങ്ങളെ അകേപക്ഷിച്ച് വിജയശതമാനത്തിൽ ബഹുദൂരം മുന്നിലാകുവാൻ സാധിച്ചിട്ടുണ്ട്. രാഷ്ട്രീയ സാമൂഹിക കായിക കലാ രംഗങ്ങളിൽ സാന്നിദ്ധ്യമ റിയിച്ച നിരവധി പേർ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

## അടിസ്ഥാന വിവരങ്ങൾ

ഗവ.വി എച്ച് എസ് എസ് കൽപ്പറ്റ

| | | |
|---|---|---|
| വിലാസം | : | മുണ്ടേരി, കൽപ്പറ്റ പി.ഒ., 673121, വയനാട് |
| സ്ഥാപിതം | : | 26 – 05 – 1928 |
| ഫോൺ | : | 0496 204082 |
| ഇമെയിൽ | : | gvhsskalpetta@gmail.com |
| വെബ്സൈറ്റ് | : | gvhsskalpetta.arividam.org/ |
| സ്കൂൾ കോഡ് | : | 15027 |
| യുഡൈസ് കോഡ് | : | 32030300101 |

## വിദ്യാഭ്യാസ ഭരണസംവിധാനം

| | | |
|---|---|---|
| റവന്യൂ ജില്ല | : | വയനാട് |
| വിദ്യാഭ്യാസ ജില്ല | : | വയനാട് |
| ഉപജില്ല | : | വൈത്തിരി |

## ഭരണസംവിധാനം

| | | |
|---|---|---|
| ലോകസഭാമണ്ഡലം | : | വയനാട് |
| നിയമസഭാമണ്ഡലം | : | കല്പറ്റ |
| താലൂക്ക് | : | വൈത്തിരി |
| തദ്ദേശസ്വയംഭരണസ്ഥാപനം | : | മുനിസിപ്പാലിറ്റി,കൽപ്പറ്റ |
| വാർഡ് | : | 3 |

## സ്കൂൾ ഭരണ വിഭാഗം

| | | |
|---|---|---|
| സ്കൂൾ ഭരണ വിഭാഗം | : | സർക്കാർ |
| സ്കൂൾ വിഭാഗം | : | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | : | എൽ.പി,യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി |
| സ്കൂൾ തലം | : | 1 മുതൽ 12 വരെ |
| മാദ്ധ്യമം | : | മലയാളം, ഇംഗ്ലീഷ് |

## സ്ഥിതിവിവരക്കണക്ക്

| | | |
|---|---|---|
| ആൺകുട്ടികൾ | : | 543 |
| പെൺകുട്ടികൾ | : | 442 |
| ആകെ വിദ്യാർത്ഥികൾ | : | 985 |
| അദ്ധ്യാപകർ | : | 42 |

**ലക്ഷ്യങ്ങൾ**

1) മതനിരകേപക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്ത പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

2) അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രക്ഷത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3) എൽ. കെ .ജി. മുതൽ 10 ാം ക്ലാസ്സ് വന്റെര ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാന ത്തിലും പാഠ്യപദ്ധതിക്കും അനുസൃതമായി നേടേണ്ട ശഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതിമായി നടപ്പാക്കാനതുകുന്ന പ്രവർത്തനകലണ്ടറും രൂനപപ്പെടുത്തൽ.

4) അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# സ്കൂൾ ചരിത്രം

ഗവ: ഹരിജൻ വെൽഫെയർ സ്കൂൾ 1935-ലാണ് തുടങ്ങിയത്. മുണ്ടരിയിൽ നിന്നും മരവയൽ ഭാഗത്തേയ്ക്ക് പോകുമ്പോൾ ഹൗസിങ്ങ് ബോർഡിന്റെ പടിഞ്ഞാറ് ഭാഗത്തായി പരേതനായ ശ്രീ. കെ.പി. അബ്ദുറഹിമാൻ എന്നയാളുടെ വീട് നിൽക്കുന്ന സ്ഥലത്ത് അന്നത്തെ വിദ്യാർത്ഥികളും നാട്ടുകാരും ആദിവാസികളും കൂടിയുണ്ടാക്കിയ പുല്ലുമേഞ്ഞ ഷെഡ്ഡിലായിരുന്നു സ്കൂളിന്റെ തുടക്കം. കുറച്ചു കാലം കഴിഞ്ഞപ്പോൾ ഈ സ്ഥലം മാറി വന്നു. അതിനു ശേഷം റോഡിനു കിഴക്കുഭാഗത്ത് ഇടവഴിയുടെ തെക്ക് ഭാഗത്തായി തങ്കച്ചൻ എന്നയാളുടെ വീടിനടുത്തായി ഓല ഷെഡ്ഡിൽ സ്കൂൾ തുടങ്ങി. 1942-43 വർഷത്തിൽ ശ്രീ. എം.കെ. അനന്തയ്യ ഗൗഡർ കെട്ടിടം നിർമ്മിച്ചു വാടകയ്ക്ക് കൊടുത്തു. സുമാർ 80 അടി നീളവും 20 അടി വീതിയുമുള്ള ഒരു ഹാളും 3 വാതിലും 2 ജനലും ഉള്ളതും അതിനോട് ചേർന്ന് ഒരു ഓഫീസ് മുറിയും തൊട്ട് ഒരു അടുക്കളയും ഉണ്ടയിരുന്നു.

മുണ്ടേരി ഗവ: ഹരിജൻ വെൽഫയർ സ്കൂളിന്റെ തുടക്കം കുറിച്ചത് പരേതനയ ശ്രീ. ദാമോദരൻ മാസ്റ്ററായിരുന്നു. അതിനു ശേഷം ശ്രീമാന്മാർ കെ.ജി. മാധവൻ നായർ, കണ്ണൻ മാസ്റ്റർ, കേളു മാസ്റ്റർ, അടിയോടി മാസ്റ്റർ, ദാമോദരൻ നമ്പ്യാർ, ശ്രീ. അനന്തൻ മാസ്റ്റർ, ചന്തു മാസ്റ്റർ, ഇട്ടിരാരപ്പുണ്ണി നായർ മാസ്റ്റർ, മൂത്തോറൻ മാസ്റ്റർ, അനന്ത കുറുപ്പ് , പത്മനാഭ കുറുപ്പ് സുബ്ബമ്മാൾ ദേവകി ടീച്ചർ, കരുണാകരൻ നായർ, വേലായുധൻ മാസ്റ്റർ, സാമുവൽ മാസ്റ്റർ, ബേബി ടീച്ചർ മുതലായവരാണ് അക്കാലത്തെ പ്രധാന ടീച്ചർമാർ.

25-05-1977 വർഷത്തിൽ മുണ്ടേരി ശ്രീ. ടി.എസ്. ഈശ്വരൻ എന്നാളുടെ 5 ഏക്കർ 2 സെന്റ് സ്ഥലം മിച്ചഭൂമിയായി ഗവൺമെന്റ് ഏറ്റെടുത്തത്. പ്രസ്തുത സ്ഥലം ആദിവാസികൾക്ക് പതിച്ചുകൊടുക്കുവാൻ തീരുമാനിച്ചതായിരുന്നു. പ്രദേശത്തെ സുമനസ്സുകളുടെ ആഗ്രഹ പ്രകാരം ഇവിടെ ഹൈസ്കൂളായി ഉയർത്താനുള്ള ശ്രമങ്ങൾ നടന്നു. കോഴിക്കോട് ജില്ലാ കളക്ടറയിരുന്ന പരേതനായ ശ്രീ. കെ. എം. ബാലകൃഷ്ണൻ ഹൈസ്കൂൾ കിട്ടുമെന്ന് ഉറപ്പുണ്ടെങ്കിൽ സ്ഥലം കൊടുക്കുന്നത് സ്റ്റേ ചെയ്യാമെന്ന് പറഞ്ഞതിൻ പ്രകാരം സ്റ്റേ ചെയ്തു.

പിന്നീട് 19-06-77 ന് ഒരു യോഗം നടന്നു. യോഗത്തിൽ വെച്ച് ശ്രീ. കെ.ജി. പത്മനാഭൻ നായരെ പ്രസിഡായും ശ്രീ. കെ.പി. വേലായുധൻ മാസ്റ്ററെ സെക്രട്ടറിയായും, ശ്രീമാന്മാർ എ.പി. കേശവൻ, വി കെ കുഞ്ഞികൃഷ്ണൻ നായർ, എം.കെ. കുഞ്ഞിരാമൻ നായർ, ഇ.പി. കുഞ്ഞികൃഷ്ണൻ നായർ, എം.കെ. യൂസഫ്, അഡ്വ: പി.എം. മത്തായി, കെ.എസ്. സൂര്യനാരായണ ശാസ്ത്രി,

പി. ഗംഗാധരൻ നായർ, സി. ചന്ദ്രശേഖരൻ നായർ, പി. ചാത്തു എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർമാരായും സ്കൂൾ വികസന സമിതി ഉണ്ടാക്കി.

അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജനാബ് സി.എച്ച് മുഹമ്മദ് കോയക്ക് 71 ആളുകൾ ഒപ്പിട്ട ഒരു അപേക്ഷ അന്നത്തെ ഡി.ഇ.ഒ. മുഖേന നൽകി.

06-06-1980 ലായിരുന്നു സ്കൂൾ കെട്ടിട നിർമ്മാണ കമ്മിറ്റി ഉണ്ടാക്കിയത്. 09-08-80 ൽ സ്കൂൾ കെട്ടിടത്തിന് തറക്കല്ലിട്ടു. കിഴക്കു ഭാഗത്തായി 5 ക്ലാസ്സുമുറികളോടുകൂടിയ ഓരോടിട്ട കെട്ടിടം നാട്ടുകാരുടെ സഹായത്താൽ ഉണ്ടാക്കി. ഇതിനുശേഷം ഒരേക്കർ സ്ഥലം കൂടി സ്കൂളിനു വിലകൊടുത്തു വാങ്ങി. ഇത് സഖാവ് ചാത്തോത്ത് അമ്മത് എന്നാളുടെതായിരുന്നു.

1979 ൽ സ്കൂൾ യു.പി.യായി ഉയർത്തി. പ്രസിഡണ്ട് ശ്രീ. കെ.ജി. പത്മനാഭൻ നായർ, മന്ത്രി കമലം മുഖേന സ്കൂൾ ഹൈസ്കൂളായി ഉയർത്തി കിട്ടുവാൻ അപേക്ഷിച്ചു.1983 ജൂലൈ 8ന് കൽപ്പറ്റ ഗവ: ഹൈസ്കൂളിന്റെ ഉദ്ഘാടനം മന്ത്രി ശ്രീ. എം. കമലത്തിന്റെ അധ്യക്ഷതയിൽ ശ്രീ. ടി.എം. ജേക്കബ് ഉദ്ഘാടനം ചെയ്തു. 23-09-1988ന് രാജു മാസ്റ്റർ ഹെഡ് മാസ്റ്ററായി ചാർജ്ജ് എടുത്തു.

വൊക്കേഷണൽ ഹയർസെക്കണ്ടറിയും തുടർന്ന് ഹയർ സെക്കണ്ടറിയും നിലവിൽ വന്നു.

കിഫ്ബി പദ്ധതിയിൽ സ്കൂളിനെ ഉൾപ്പെടുത്തുകയും ഇതിനെ തുടർന്ന് സ്കൂൾ കെട്ടിടങ്ങൾ കൂടുതലായി വന്നു. 2020ൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെട്ടു.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. ‘മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം ’ എന്ന ഗാന്ധിയൻ കാഴ്ചപ്പാടിന്റെ ’ വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് ’ എന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മകേനാഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

4. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, ട്രാൻസ് ജെന്റർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

5. ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലെയും കുട്ടികൾ നേടുന്നുണ്ട് എന്ന ഉറപ്പാക്കൽ.

6. പാരിസ്ഥിതികാവബോധത്തോടയുള്ള ജീവിതവും വികസന സങ്കല്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം,പ്രവർത്തനം, എസ്റ്റിമേറ്റ് തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.
- കരട് രൂപരേഖ SRG, SMC, PTA, MPTA, STAFF COUNCIL എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയർന്നുവന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

**മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

- ഭാഷാശേഷി വികസനം,
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്രക പോഷണ പരിപാടി
- വായനാ പരിപോഷണം
- ലബോറട്ടറി ആധുനികവത്കരിക്കൽ
- പ്രതിഭാ പോഷണ പരിപാടി

- നാടകക്കളരി
- ജൈജവ ജൈവവിധ്യപാർക്ക്
- സാഹിത്യ പോഷണ പരിപാടികൾ
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാ-കായിക-ശാസ്ത്ര മേള
- ഐ. ടി. പരിശീലനം
- അദ്ധ്യാപക ശാക്തീകരണ പരിപാടികൾ
- ക്ലാസ്സ് പി. ടി എ. സജീവമാക്കൽ
- സ്കൂൾ പത്രം/മാസിക
- പ്രവൃത്തി പരിചയപഠനം
- ഒന്നാം ക്ലാസ്സ് ഒന്നാംതരം
- എസ്. ആർ .ജി. ശക്തീകരണം
- ശാസ്ത്രാഭിരുചി വളർത്തൽ
- പച്ചക്കറിത്തോട്ടം
- അഭിമുഖങ്ങൾ
- പോഷകാഹാര പരിപാടി
- ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ
- ഭാഷാലാബ്
- മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ
- ദിനാചരണം
- കായിക പഠനം
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

**മേഖല : ഒന്ന്**

**എൽ.പി.വിഭാഗം**

## ഉപമേഖല : ഒന്നാം ക്ലാസ്

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്ക്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒന്നാം ക്ലാസിൽ എത്തുന്ന ഓരോ കുട്ടിക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഓരോ കുട്ടിയെയും സ്വതന്ത്ര വായനക്കാരാക്കുക, പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവുള്ളവരാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

ഒന്നാം ക്ലാസിലേക്ക് ഈ വർഷം 42 കുട്ടികളാണ് കടന്നുവന്നിട്ടുള്ളത്. ഒന്നാം ക്ലാസിലേക്ക് കടന്നുവന്ന മുഴുവൻ കുട്ടികളും ബാഷയിൽ ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ചു ആശയം പറഞ്ഞും എഴുതിയും പങ്കിടാൻ കഴിവുള്ളവരാക്കുക. സ്വതന്ത്ര രചന നടത്താൻ കഴിവുള്ളവരാക്കുക എന്നതാണ് ഞാൻ മുന്നോട്ടുവെക്കുന്ന ലക്ഷ്യങ്ങൾ. ഈ രീതിയിൽ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി എന്റെ ക്ലാസിലെ കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ക്ലാസ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

**ലക്ഷ്യങ്ങൾ**

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനുമുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ, കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- തിയേറ്റർ സാധ്യതകൾ, വായനാക്കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് നയിക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കഥകൾ/കവിതകൾ വായിക്കുന്നു.
- പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിന് മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക.
- ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. വായന | **വായനോത്സവം** | | | |
| | * ക്ലാസ് ലൈബ്രറി-വായനമൂല ക്രമീകരണം | | | |
| | * ക്ലാസ് പി.ടി.എ. | | | |
| | * പുസ്തക വിതരണം | ജൂൺ | ക്ലാസ് അധ്യാപിക, രക്ഷിതാവ് | |
| | * അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു | | | |
| | * വായിച്ച കഥയിലെ ഇഷ്ടകഥാപാത്രത്തെ ചിത്രീകരിക്കുന്നു. പേര് എഴുതുന്നു. | | | |
| | * കഥ പുസ്തകം നൽകുന്നു. കുട്ടി ചിത്രം നോക്കി കഥ ഊഹിച്ചു പറയുന്നു. | ജൂലൈ | ക്ലാസ് അധ്യാപിക | |
| | * കഥാവേള | | | |
| | * കഥോത്സവം | | | |
| | * രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചുകേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കിടുന്നു. | | രക്ഷിതാവ് | |
| | * ക്ലാസ് പി.ടി.എ.യിൽ പുസ്തകവായന | ആഗസ്റ്റ് മുതൽ ഡിസംബർ | ക്ലാസ് അധ്യാപിക | |
| | * പുസ്തകങ്ങൾ ക്ലാസിൽ വിതരണം ചെയ്യുന്നു. | | | |
| | * കുട്ടികൾ ഗ്രൂപ്പായി വായിക്കാൻ ശ്രമിക്കുന്നു. | | | |
| | * കൂട്ടുകാരുടെ സഹായത്തോടെ വായിക്കുന്നു. | | | |
| | * പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു | ജനുവരി | അധ്യാപിക, രക്ഷിതാവ് | |
| | * കഥയുടെ ആശയം കുട്ടിതന്നെ വായിച്ചു പറയുന്നു | | | |
| | * ക്ലാസ് പി.ടി.എ.യിൽ പുസ്തകം പരിചയപ്പെടുത്തി കുട്ടി തനിയെ കഥ വായിക്കുന്നു. | ഫെബ്രുവരി | | |
| | * കഥോത്സവം | | | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല | സാമ്പത്തികം |
|---|---|---|---|---|
| | * ചിത്രവായന- പാഠപുസ്തകത്തിലെ ചിത്രങ്ങളും കഥാപുസ്തക തകങ്ങളിലെ ചിത്രങ്ങളും നോക്കി ആശയങ്ങൾ പങ്കുവെക്കുന്നു. ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു.<br>* വായനാ കാർഡ് - ഓരോ പാഠഭാഗത്തിലും കുട്ടി നേടിയ വായ നാശേഷിപ്പുകൾക്കനുസൃതമായി വായനാക്കാർഡുകൾ നിർമ്മിച്ചു നൽകുന്നു.<br>* ക്ലാസ് പി.ടി.എ.യിൽ വായനക്കാർഡുകൾ വായിച്ചവതരിപ്പിക്കുന്നു. | ജൂൺ-ഫെബ്രുവരി | അധ്യാപിക, രക്ഷിതാവ് | |
| 2. പാട്ടരങ്ങ് | * ഓരോ പാഠഭാഗത്തുനിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും പഠി ച്ചെടുത്ത പാട്ടുകൾ ചേർത്ത് പാട്ടരങ്ങ് സംഘടിപ്പിക്കുന്നു. താള മിട്ട് പാടാൻ അവസരം നൽകുന്നു. | ടേമിൽ ഒരെണ്ണം | അധ്യാപിക | |
| 3. ലേഖനം | * ചിത്രങ്ങൾ നോക്കി പേരെഴുതൽ<br>സചിത്ര പുസ്തകം - കത്തെഴുത്ത് | ജൂൺ-<br>ജൂൺ-മാർച്ച് | | |
| സംയുക്ത ഡയറി | * സി.പി.ടി.എ.യിൽ അവതരണം.<br>രക്ഷിതാവും കുട്ടിയും ചേർന്ന് ആദ്യ ഘട്ടത്തിൽ എഴുതുന്നു.<br>തുടർന്ന് കുട്ടി തനിയെ എഴുതുന്നു. മികച്ച ഡയറികൾ സി.പി.ടി. എ.യിലും അസംബ്ലിയിലും അവതരണം, പതിപ്പ് നിർമ്മാണം | ജൂലൈ-മാർച്ച് | അധ്യാപിക, രക്ഷിതാവ് | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനം | ആവർത്തിച്ചുവരുന്ന അക്ഷരങ്ങളും പദങ്ങളും കണ്ടെത്തുന്നു.<br>വരികൾ കൂട്ടിച്ചേർക്കൽ<br>* ലളിതമായ വാക്കുകൾ കൂട്ടിച്ചേർത്ത് കവിത പൂരിപ്പിക്കുന്നു.<br>* ചിത്രങ്ങളിൽ നിന്ന് കഥയെഴുതുന്നു.<br>* പതിപ്പ് നിർമ്മാണം<br>* ചെറിയ വിവരണങ്ങൾ ചിത്രങ്ങളിൽ നിന്ന് എഴുതുന്നു | ജൂൺ-മാർച്ച്<br>ജനുവരി-മാർച്ച് | ക്ലാസ് അധ്യാപിക | |

# ഗണിതം

**ലക്ഷ്യങ്ങൾ**

- ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയം ആക്കിത്തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും.
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.
- സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം തുടങ്ങിയ പഠനനേട്ടം ലക്ഷ്യംവെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം
- ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന-ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും തരംതിരിക്കുകയും ചെയ്യുന്നു.
- നിത്യജീവിതവുമായി ബന്ധപ്പെട്ട് 9 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുക. ലഘു പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുക.
- കളികളുടെയും ചിത്രീകരണത്തിന്റെയും നിർമാണ പ്രവർത്തനങ്ങളുടെയും ഭാഗമായി സങ്കലന, വ്യവകലന ക്രിയകൾ പ്രയോജനപ്പെടുത്തുന്നു.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിത കേളികൾ | * ക്ലാസ് റൂമിൽ കുട്ടികൾക്കായി രസകരമായ നിരവധി ഗണിത കേളികൾ നടത്തുന്നു.<br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. | ജൂൺ-മാർച്ച് | അധ്യാപിക | |
| മഞ്ചാടി സഞ്ചി | * രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടിസഞ്ചി<br>* മഞ്ചാടി സഞ്ചിയുടെ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>* മഞ്ചാടി സഞ്ചിയിലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ നിർദ്ദേശം നൽകുന്നു.<br>* അതിലെ വസ്തുക്കൾ പഠനപ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നു.<br>* സംഖ്യാ കാർഡ് നിർമ്മാണം<br>* വിവിധ രൂപങ്ങൾ നിർമിക്കുന്നു.<br>* പഠനോപകരണ നിർമ്മാണം | ജൂൺ-മാർച്ച് | അധ്യാപിക, രക്ഷിതാവ് | |

# ENGLISH

**Objectives**

- All learners get interested in English learning
- All engage in games and group level activities
- Listen to narratives and teacher talks and show signs of understanding verbally.
- Able to comprehend the instructions of the teacher and respond accordingly
- Familiarise with English words denoting vehicles, animals and birds.
- Familiarise with phatic communication expressions such as Hello, I'm sorry, Thank you, Bye etc.
- Able to describe familiar objects orally stating physical attributes such as size, colour etc.
- Familiarise with words denoting colours and numbers
- Familiarise with rhythm and pattern of song.
- Able to add own lines to a given song by substituting words/phrases.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല | സാമ്പത്തികം |
|---|---|---|---|---|
| Listening | * Language Games<br>* Conversation-presentation | | | |
| Speaking | * Role Play<br>* Adding lines | | | |
| Reading | * Reading cards making, reading<br>* Reading story books<br>* Adding more lines and presentation of songs<br>* Choreography | | | |
| Writing | * Writing simple sentences<br>* Simple description | | | |

# പരിസരപഠനം

**ലക്ഷ്യങ്ങൾ**

- കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക.
- തന്റെ പരിസരവുമായി ഇഴുകിച്ചേർന്നു പഠിപ്പിക്കുന്നതിന് അവസരമൊരുക്കുക
- നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും ശാസ്ത്രീയ വശങ്ങൾ മനസ്സിലാക്കി സ്വന്തമായി നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
- ശാസ്ത്രീയബോധം വളർത്തിയെടുക്കുക.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. നിരീക്ഷണം | * പ്രകൃതി നടത്തം, നിരീക്ഷണങ്ങൾ (മരങ്ങൾ, പൂക്കൾ, ചെടികൾ, പക്ഷികൾ) | ജൂൺ-മാർച്ച് | ക്ലാസ് അധ്യാപിക | |
| 2. നിർമ്മാണം | * ആൽബം നിർമ്മാണം<br>തൂവലുകൾ, പക്ഷികൾ, പൂക്കൾ | | അധ്യാപിക, രക്ഷിതാവ് | |
| 3. നിഗമനം, അപഗ്രഥനം | * പരിസ്ഥിതി ഗാനങ്ങൾ ആലപിക്കൽ<br>അടുക്കളത്തോട്ടം നിർമ്മാണം<br>ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ | | അധ്യാപിക | |

# ഉപമേഖല : രണ്ട്

**ലക്ഷ്യം**

രണ്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**പൊതു തത്വങ്ങൾ**

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം
- സാമൂഹികവും പരിസ്ഥിതിയുമായ അവബോധം നൽകൽ
- സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

| | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് മാസം |
| 2. | മധുരം മലയാളം | ജൂൺ മുതൽ മാർച്ച് വരെ |
| 3. | സംയുക്ത ഡയറി | ജൂൺ മുതൽ മാർച്ച് വരെ |
| 4. | പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ |
| 5. | സചിത്ര പുസ്തകം | ജൂൺ മുതൽ മാർച്ച് വരെ |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ മുതൽ മാർച്ച് വരെ |
| 7. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ മുതൽ മാർച്ച് വരെ |
| 8. | ക്ലാസ് ടെസ്റ്റ് | ഓഗസ്റ്റ് മാസം മുതൽ ഓരോന്ന് വീതം |
| 9. | വായനോത്സവം | ജൂൺ മുതൽ മാർച്ച് വരെ |

| പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|
| 10. ഭാഷോത്സവം | ജനുവരി |
| 11. ഗണിത കേളികൾ | ജൂൺ മുതൽ മാർച്ച് വരെ |
| 12. ഗണിത കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |
| 13. പരീക്ഷണങ്ങൾ | ഓരോ മാസവും ഓരോന്ന് വീതം |
| 14. ലഘു പ്രൊജക്ട് | മാസം ഒന്ന് വീതം |
| 15. പരീക്ഷണ കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |
| 16. രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ |

**മധുരം മലയാളം (ഭാഷാ പഠനം)**

| പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവരെ പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടുവരൽ | എസ്.ആർ.ജി.<br>ക്ലാസ് ടീച്ചർ | ലക്ഷ്യം നേടുന്നത് വരെ | പി.ടി.എ. ഫണ്ട് |
| 2. ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക | എച്ച്.എം.<br>എസ്.ആർ.ജി.<br>ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | പി.ടി.എ., |
| 3. വായിക്കാം വളരാം | വായനാശേഷി വളർത്തൽ | എച്ച്.എം.<br>എസ്.ആർ.ജി.<br>ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | പി.ടി.എ., സി.പി.ടി.എ. |

| പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| 4. ക്ലാസ്, വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം | വായനാശീലം വളർത്തുക, ലൈബ്രറി ഉപയോഗപ്പെടുത്തുക. | എച്ച്. എം, എസ്. ആർ.ജി. ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | പി.ടി.എ., സി.പി.ടി.എ. |
| 5. വായനാക്കുറിപ്പ്, ആസ്വാദന കുറിപ്പ്, സംവാദം | വായനയുടെ ആഴം വർദ്ധിപ്പിക്കുക | എച്ച്. എം, എസ്. ആർ.ജി. ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | സി.പി.ടി.എ. |
| 6. എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | ടീച്ചർ | വർഷം മുഴുവൻ | പി.ടി.എ. |
| 7. പാഠഭാഗങ്ങളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്ര രചന നടത്താനുള്ള ശേഷികൾ നേടുന്നു. | രക്ഷിതാവ് | ജൂൺ മുതൽ മാർച്ച് വരെ | സി.പി.ടി.എ. |
| 8. എഴുത്തുകാരുമായി സംവദിക്കൽ | ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | .. |
| 9. കണ്ടറിയാം, കേട്ടറിയാം | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | പി.ടി.എ. |
| 10. രുചിച്ചറിയാം | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | എസ്.ആർ.ജി. ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | ... |
| 11. ഓർക്കാം... അഭിമാനിക്കാം. (സാഹിത്യകാരന്മാർ | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മ ദിനങ്ങൾ ആചരിക്കൽ | എസ്.ആർ.ജി. ക്ലാസ് ടീച്ചർ സി.പി.ടി.എ. | ആവശ്യാനുസരണം | ... |
| 12. കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കഗലകൾ നേരിട്ടറിയാൻ | എച്ച്എം, എസ്ആർജി. ക്ലാസ്ടീച്ചർ, സിപിടിഎ. | വർഷത്തിൽ ഒരിക്കൽ | പി.ടി.എ. |

| പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| 13. സർഗ്ഗോത്സവം | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയാൻ | എച്ച്. എം, എസ്.ആർ. ജി., ക്ലാസ് ടീച്ചർ, സി.പി.ടി.എ. | വർഷത്തിൽ ഒരിക്കൽ | പി.ടി.എ., |
| **ഇംഗ്ലീഷ് ഭാഷാപഠനം** | | | | |
| 1. ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുതൽ | ക്ലാസ് ടീച്ചർ | ആഴ്ചയിൽ ഒരിക്കൽ (വർഷം മുഴുവൻ) | പി.ടി.എ. |
| 2. ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ക്ലാസ് ടീച്ചർ | ആഴ്ചയിൽ 3 ദിവസം (വർഷം മുഴുവൻ) | ... |
| 3. ഇംഗ്ലീഷ് തിയേറ്റർ | സർഗ്ഗാത്മകത പരിപോഷണം | ക്ലാസ് ടീച്ചർ | മാസത്തിൽ ഒരിക്കൽ | എസ്.എം.സി. |
| 4. ഇംഗ്ലീഷ് മാഗസിൻ | സർഗാത്മ, രചനാശേഷി വികസനം | എച്ച്.എം., ടീച്ചർ, സി.പി.ടി.എ. | മൂന്ന് മാസത്തിൽ ഒരിക്കൽ | പി.ടി.എ. |
| 5. ഇംഗ്ലീഷ് കോർണർ | വായന പരിപോഷണം | ക്ലാസ് ടീച്ചർ | രണ്ടാഴ്ചയിൽ ഒരിക്കൽ | സി.പി.ടി.എ. |
| 6. ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ | എസ്.ആർ.ജി., എസ്.എം.സി., ക്ലാസ് ടീച്ചർ | വർഷത്തിൽ ഒരിക്കൽ | പി.ടി.എ. |

## ഗണിത പഠനം

| പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| 1. വിവിധതരം കളികൾ | ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | എസ്.ആർ.ജി. ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | .. |
| 2. ഒറിഗാമിയിലൂടെ പഠിയ്ക്കാം | ഗണിതപഠനം രസകരമാക്കൽ, കരചലന ശേഷി വികാസം | എച്ച്.എം., എസ്. ആർ.ജി. ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | പി.ടി.എ. |
| 3. ഗണിത ലാബ് | ഗണിതപഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | എച്ച്.എം., എസ്. ആർ.ജി. ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | പി.ടി.എ. |
| 4. ഗണിത പഠനോപകരണ ശിൽപശാല | പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | എസ്.ആർ.ജി. ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | പി.ടി.എ. |
| 5. ഗണിതമേള | ഗണിതശേഷികളുടെ പ്രകടനം | എസ്.ആർ.ജി. ക്ലാസ് ടീച്ചർ | വർഷത്തിൽ ഒരിക്കൽ | പി.ടി.എ. |
| **പരിസരപഠനം** | | | | |
| 1. പ്രകൃതി നടത്തം | നിരീക്ഷണം, അറിവ് നിർമ്മാണം | എച്ച്എം., സിപിടിഎ. | ആവശ്യാനുസരണം | പി.ടി.എ. |
| 2. ശാസ്ത്രമൂല | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | എച്ച്.എം., സി.പി.ടി. എ., ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | പി.ടി.എ., എസ്. എസ്.എ. |
| 3. ശാസ്ത്രയാത്ര | ശാസ്ത്രപഠനത്തിൽ താത്പര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ | എച്ച്.എം., എസ്. ആർ.ജി.., ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | .. |

| പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| 4. ഭൂപടം ഒരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | എസ്.ആർ.ജി.<br>ക്ലാസ് ടീച്ചർ | വർഷത്തിൽ ഒന്ന് | .. |
| 5. പരീക്ഷണങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | .. |
| 6. ലഘു പ്രോജക്ട് | ശാസ്ത്ര പ്രോജക്ടുകൾ ഏറ്റെടുത്ത് ചെയ്യാനുള്ള ശേഷി വളർത്തൽ | ക്ലാസ് ടീച്ചർ | മാസത്തിൽ ഒന്ന് വീതം | പി.ടി.എ. |

# ഉപമേഖല : മൂന്നാം ക്ലാസ്

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | പ്രവർത്തനം | ചുമതല | കാലം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | Games, Acting Song, Hello English activities | ക്ലാസ് ടീച്ചർ | ജൂൺ-ജൂലൈ-ആഗസ്റ്റ് |
| | 2. ഇംഗ്ലീഷ് കമ്മ്യൂണിക്കേറ്റീവ് ക്ലാസുകൾ കൊടുക്കുക | Conversations, Skit, Stories | ക്ലാസ് ടീച്ചർ | ജൂൺ-ജൂലൈ-ആഗസ്റ്റ് |
| | 3. ഇംഗ്ലീഷ് ക്ലാസ് അസംബ്ലി നടത്താൻ അവസരം | Develop speaking Skills | ക്ലാസ് ടീച്ചർ | ജൂൺ-ജൂലൈ-ആഗസ്റ്റ് |
| | 4. ഇംഗ്ലീഷ് ഡയറി എഴുത്ത് Story Telling | Make Simple Sentences | ക്ലാസ് ടീച്ചർ | ജൂൺ-ജൂലൈ-ആഗസ്റ്റ് |
| | 5. Language Lab ഒരുക്കൽ | | | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം |
|---|---|---|---|
| നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ, കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. തരംതിരിക്കുന്നു. നിർമ്മിക്കുന്നു. | 1. വിവിധ ഗണിത രൂപങ്ങളുടെ രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം, രൂപങ്ങൾ തിരിച്ചറിയൽ, പ്രത്യേകതകൾ മനസ്സിലാക്കൽ<br>ഗണിത രൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശംസ കാർഡ് നിർമ്മാണം<br>തോണി നിർമ്മാണം: രൂപങ്ങൾ കണ്ടെത്തൽ, വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ, ഗണിത രൂപചിത്രപതിപ്പ് നിർമ്മാണം.<br>വെജിറ്റബിൾ പ്രിന്റിംഗ് തയ്യാറാക്കൽ, തീപ്പെട്ടി കമ്പ് ഉപയോഗിച്ചുകൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം. | ക്ലാസ് ടീച്ചർ | ജൂൺ |
| മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക | നറുക്കെടുക്കാം<br>സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. കിട്ടിയ സംഖ്യ വായിക്കാം, മറ്റുള്ളവർ സംഖ്യ എഴുതുന്നു. പാറ്റേൺ പൂർത്തിയാക്കാം, ക്രമത്തിലാക്കാം, ആരോഹണ അവരോഹണ ക്രമത്തിൽ സംഖ്യ എഴുതുന്നു. | ക്ലാസ് ടീച്ചർ | ജൂൺ-ജൂലൈ |
| മുഴുവൻ കുട്ടികൾക്കും മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ | അബാക്കസ് നിർമ്മാണം<br>കളം നിറയ്ക്കാം 1 മുതൽ 100 വരെ | ക്ലാസ് ടീച്ചർ | ജൂൺ-ജൂലൈ |

# മലയാളം

**ലക്ഷ്യങ്ങൾ**

- പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി കുട്ടികൾ എല്ലാവരും സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനതലം |
|---|---|---|
| ജൂൺ | 1. കനകചിലങ്ക<br>നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്) | ക്ലാസ്, എസ്.ആർ.ജി. |
| ജൂൺ-ജൂലൈ | പഴഞ്ചൊല്ലുകൾ ശേഖരണം<br>കഥാശേഖരം, ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)<br>നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശിൽപശാല)<br>കഥോത്സവം<br>(നാടൻ കഥകളുടെ അവതരണ ശിൽപശാല)<br>കടങ്കഥകൾ ശേഖരണം<br>കടങ്കഥ പാട്ടുകൾ<br>കടങ്കഥ പതിപ്പ്<br>കടങ്കഥ പയറ്റ്<br>കലയിലെ കേമൻ<br>കലാകാരനെ പരിചയപ്പെടാം<br>അഭിമുഖ സംഭാഷണം<br>കലാരൂപങ്ങൾ വേഷവിധാനം<br>ചിത്രശേഖരണം-ആൽബം, പാവനാടകത്തെ അടുത്തറിയാം ശിൽപശാല | ക്ലാസ്<br>എസ്.ആർ.ജി.<br>എസ്.ആർ.ജി. |

# പരിസരപഠനം

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനതലം |
|---|---|---|
| ജൂൺ | ചെടികൾ നിരീക്ഷിക്കുന്നു<br>പ്രകൃതി നടത്തം<br>വിത്ത് മുളപ്പിക്കൽ<br>വ്യത്യസ്തതരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു<br>പരിസ്ഥിതി ദിനാചരണം<br>ഹരിതകാർഡ് നിർമ്മാണം | എസ്.ആർ.ജി. |
| ജൂലൈ | വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം, മണ്ണ് നിരീക്ഷണം, ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം, ശലഭങ്ങൾ വരുന്ന ചെടികൾ | പി.ടി.എ, എസ്.ആർ.ജി. |
| ഓഗസ്റ്റ് | മഴമാപിനി നിർമ്മാണം<br>ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം<br>കിണർ സന്ദർശനം<br>മണ്ണ് നിരീക്ഷണം, മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>ആശയ ഭൂപടം തയ്യാറാക്കൽ<br>സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | എസ്.ആർ.ജി. |

## ഉപമേഖല : നാല്
## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടുവരൽ | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ലക്ഷ്യം നേടുന്ന വരെ | എസ്.ആർ.ജി. ക്ലാസ് ടീച്ചർ | പി.ടി.എ. ഫണ്ട് |
| വായനാശേഷി വളർത്തൽ | വായിക്കാം വളരാം<br>ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, രചനാ പരിചയം | വർഷം മുഴുവൻ | എസ്.ആർ.ജി. ക്ലാസ് ടീച്ചർ | പി.ടി.എ. ഫണ്ട് |
| എഴുത്ത് പരിപോഷിപ്പിക്കൽ | എഴുതാം തെളിയാം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പി.ടി.എ. ഫണ്ട് |
| നാടൻ പ്രീചീന, നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | രുചിച്ചറിയൽ<br>ഭക്ഷ്യമേള, പാചകക്കുറിപ്പ്, പതിപ്പ് നിർമ്മാണം,<br>ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | എസ്.ആർ.ജി. ക്ലാസ് ടീച്ചർ | .. |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | കലക്കൂട്ട് | വർഷത്തിലൊന്ന് | എസ്.ആർ.ജി. ക്ലാസ് ടീച്ചർ | സി.പി.ടി.എ. |
| .. | ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/ പ്രദർശനം<br>സർഗോത്സവം | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. സി.പി.ടി.എ. ക്ലാസ് ടീച്ചർ | പി.ടി.എ. |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണം, അറിവ്, നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ആവശ്യാനുസരണം | സി.പി.ടി.എ., ക്ലാസ് ടീച്ചർ | പി.ടി.എ. |
| പരിസരമൂല ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | എസ്.ആർജി., ക്ലാസ് ടീച്ചർ | പി.ടി.എ. |
| ഭൂപടമൊരുക്കാം<br>കേരളം ഇന്ത്യ ഭൂപട വായന, സൂചിക പരിചയപ്പെടൽ | ഭൂപടവായന, രചന, സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | എസ്.ആർജി., ക്ലാസ് ടീച്ചർ | പി.ടി.എ. |
| ശാസ്ത്രോത്സവം<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം പരീക്ഷണം എന്നിവയുടെ പ്രദർശനം | വർഷത്തിലൊന്ന് | എസ്.ആർജി., ക്ലാസ് ടീച്ചർ | പി.ടി.എ. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ, മൂല്യനിർണ്ണയം, ഏണിയും പാമ്പും, കച്ചവടക്കളി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | . |
| ഗണിതപഠനം കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | വർഷത്തിൽ ഒരിക്കൽ പഠനോത്സവം | ക്ലാസ് ടീച്ചർ | പി.ടി.എ. |
| ഗണിതലാബ് | ഗണിതലാബ് ഒരുക്കൽ, രൂപങ്ങൾ, അളവുകൾ | വർഷം മുഴുവൻ | എസ്.ആർ.ജി., ക്ലാസ് ടീച്ചർ | പി.ടി.എ. |
| ഗണിതച്ചുമർ, ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പി.ടി.എ. |
| ഗണിത പഠനോപകരണ ശിൽപശാല<br>പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠന ഉപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ആവശ്യമനുസരിച്ച് | ക്ലാസ് ടീച്ചർ, എസ്.ആർ.ജി. | പി.ടി.എ. |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **ഇംഗ്ലീഷ് ഡയറി**<br>തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി | വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനം ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | . |
| **ഇംഗ്ലീഷ് തിയേറ്റർ**<br>സർഗാത്മക വികാസം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ Skit, Drama, Conversation, Story Telling | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ,<br>എസ്.ആർ.ജി. | എസ്.എം.സി. |
| **ഇംഗ്ലീഷ് മാഗസിൻ**<br>സർഗാത്മക രചനാശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ, | പി.ടി.എ. |
| **ഇംഗ്ലീഷ് കോർണർ**<br>വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ, വായനാവേള | രണ്ടാഴ്ചയിൽ 1 | ക്ലാസ് ടീച്ചർ, | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്**<br>ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ, ആത്മവിശ്വാസം നൽകൽ | വായനാ മത്സരം<br>രചനാ മത്സരം<br>സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷാവസാനം | ക്ലാസ് ടീച്ചർ, | പി.ടി.എ. |

മേഖല : രണ്ട്

യു.പി.വിഭാഗം

## ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>**ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം<br><br>ജൂൺ മാസം<br><br>ജൂൺ മാസം | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെകൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | വർഷത്തിൽ 4 തവണ | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
